# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 4034 20.07.2015 - ൽ മറുപടിക്ക്

## സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരമുള്ള കേന്ദ്രസർക്കാർ വിഹിത വിനിയോഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം സംസ്ഥാനത്തിനു ലഭിക്കേണ്ട ഡീസൽ സെസ്സിന്റെ 50 ശതമാനം ഗ്രാമീണ റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന നിബന്ധന പ്രകാരം ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുക എത്ര എന്നും ഇതിൽ ഗ്രാമീണ റോഡുവികസനത്തിന് എത്ര തുക ഓരോ വർഷവും ചെലവാക്കി എന്നും വ്യക്തമാക്കുമോ ; | (എ) | സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ഡീസൽ സെസ്സിന്റെ 50 ശതമാനം ഗ്രാമീണ റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന നിബന്ധന പ്രകാരം ഈ സർക്കാർ കാലയളവിൽ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് ഗ്രാമീണ റോഡു വികസനത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത വകുപ്പ് പ്രകാരം ദേശീയപാതാവികസനം, തീവണ്ടിപ്പാതയുടെ മുകളിലോ കീഴിലോ ഉള്ള റോഡുകൾ, ദേശീയ പാതയൊഴികെയുള്ള റോഡുകൾ, അന്തർ സംസ്ഥാന റോഡ് | (ബി) | സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുകയും, ചെലവഴിച്ച തുകയും |

| | | | |
|---|---|---|---|
| | പദ്ധതികൾ, കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഉപയോഗിക്കേണ്ട റിസർവ് ഫണ്ട് എന്നിവയ്ക്കായി ഓരോ വർഷവും ഈ സർക്കാർ കാലയളവിൽ എത്ര തുക ലഭിച്ചുവെന്നും എത്ര തുക ചെലവാക്കിയെന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | | അനുബന്ധം (1) ആയി ചേർക്കുന്നു. |
| (സി) | മേൽ പരാമർശിച്ച വിഭാഗങ്ങളിൽ നടപ്പുവർഷം ലഭിച്ച തുക എത്രയെന്നും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ? | (സി) | നടപ്പു സാമ്പത്തിക വർഷം മേൽ പരാമർശിച്ച വിഭാഗങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധം (2) ആയി ചേർക്കുന്നു. (ജൂൺ മാസം വരെ). |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

| പദ്ധതി | | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|---|
| ദേശീയപാതാ വികസനം (വാർഷിക പദ്ധതി) | ചെലവഴിച്ച തുക | 206.5 കോടി | 189.92 കോടി | 180.515 കോടി | 213.47 കോടി |
| | അനുവദിച്ച തുക | 206.5 കോടി | 189.92 കോടി | 180.515 കോടി | 213.47 കോടി |
| സി.ആർ.എഫ് | ചെലവഴിച്ച തുക | 54.9 കോടി | 137.51 കോടി | 57.25 കോടി | 97.55 കോടി |
| | അനുവദിച്ച തുക | - | 124.86 കോടി | 70.4 കോടി | 54.6 കോടി |
| അന്തർസംസ്ഥാന പാത | ചെലവഴിച്ച തുക | 6.72 കോടി | 1.92 കോടി | 4.82 കോടി | 0.70 കോടി |
| | അനുവദിച്ച തുക | 4.44 കോടി | - | - | 20.56 കോടി |
| തീവണ്ടിപ്പാതയുടെ മുകളിലോ കീഴിലോ ഉള്ള റോഡുകൾ | ചെലവഴിച്ച തുക | - | - | - | - |
| | അനുവദിച്ച തുക | - | - | - | - |

17/07/2014

S.O.

അനുബന്ധം (2)

| | | |
|---|---|---|
| ദേശീയപാതാ വികസനം (വാർഷിക പദ്ധതി) | ചെലവഴിച്ച തുക | 8.46 കോടി |
| | അനുവദിച്ച തുക | 22.65 കോടി |
| സി.ആർ.എഫ് | ചെലവഴിച്ച തുക | 43.22 കോടി |
| | അനുവദിച്ച തുക | - |
| അന്തർസംസ്ഥാന പാത | ചെലവഴിച്ച തുക | |
| | അനുവദിച്ച തുക | |
| തീവണ്ടിപ്പാതയുടെ മുകളിലോ കീഴിലോ ഉള്ള റോഡുകൾ | ചെലവഴിച്ച തുക | - |
| | അനുവദിച്ച തുക | - |

17/7/2014

S.O.